പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2076 18.03.2015-ൽ മറുപടിയ്ക്ക്

# കെ. എസ്. ഇ. ബി യുടെ ഭൂമി.

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ് :<br>ശ്രീ. പി. സി. ജോർജ്ജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബിയുടെ അധീനതയിൽ എത്ര ഹെക്ടർ ഭൂമിയുണ്ടെന്ന് അറിയിക്കാമോ ;<br><br>(ബി) പ്രസ്തുത ഭൂമിയിൽ ആദായകരമായ വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിൻെറ വിശദാംശങ്ങൾ നൽകുമോ ; | (എ) & (ബി) ഭൂമിയുടെ വിശദവിവരങ്ങൾ ശേഖരിക്കാനും കണക്കാക്കുന്നതിനും വേണ്ടി രൂപീകൃതമായ ലാന്റ് മാനേജ്മെന്റ് യൂണിറ്റ് സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ രേഖപ്പെടുത്തുന്നതു സംബന്ധിച്ച നടപടി പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ ആവിഷ്ക്കരിക്കാനാവൂ. |
| (സി) കെ. എസ്. ഇ. ബി. യുടെ അധീനതയിലുള്ളതും നിലവിൽ വികസന പ്രവർത്തനങ്ങൾക്ക് സാധ്യതയില്ലാത്തതുമായ സ്ഥലങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കോ ഇതര സർക്കാർ സ്ഥാപനങ്ങൾക്കോ ഓഫീസ് ആവശ്യാനുസരണം വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഭാവി വികസനവും കൂടി ലക്ഷ്യമാക്കിയാണ് ആവശ്യമായ ഭൂമി കാലാകാലങ്ങളിൽ പൊന്നും വിലയ്ക്ക് എടുക്കുന്നതും വാങ്ങുന്നതും. വികസന പ്രവർത്തനത്തിന് സാധ്യതയില്ലാത്ത ഭൂമി ലഭ്യമല്ല എന്നു മാത്രമല്ല പദ്ധതികൾക്കായി കൂടുതൽ ഭൂമി ഏറ്റെടുക്കേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. |

സെക്ഷൻ ഓഫീസർ.